LIBRARY ARCHIVES Kerala Legislative Assembly

സിനിമാ വ്യവസായം പരിപോഷിപ്പിക്കുന്നതിന് നടപടി

27 [5803] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമാ വ്യവസായം പരിപോഷിപ്പിക്കുന്നതിനും മലയാള സിനിമാ നിർമ്മാണം അയൽ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടു വരുന്നതിനും സർക്കാർ കൈകൊണ്ടു വരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) സിനിമാ വ്യവസായം സംസ്ഥാനത്ത് നിലനിർത്തുവാൻ വേണ്ടി സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട് എത്രപേർ ഉപജീവനമാർഗ്ഗം കണ്ടെത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സിനിമാ വ്യവസായത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കുവാനും ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ ക്ഷേമത്തിനുമായി സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്ത് സിനിമാ വ്യവസായം പരിപോഷിപ്പിക്കുന്നതിനും, മലയാള സിനിമാ നിർമ്മാണം അയൽ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടു വരുന്നതിന്റെ ഭാഗമായി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങളുടെ വാടക നിരക്ക് ഗണ്യമായി കുറച്ചിട്ടുണ്ട്. ഇവിടത്തെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് പൂർണ്ണമായും കേരളത്തിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് നാലുലക്ഷം രൂപ സബ്സിഡി നൽകുന്നുണ്ട്. കേന്ദ്ര സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കുന്ന ചിത്രങ്ങൾക്ക് രണ്ടു ലക്ഷം രൂപ കൂടി അധികമായി നൽകുന്നു. ഇതിനുപുറമേ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാങ്കേതിക സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗിച്ച് നിർമ്മിക്കുന്ന കൊമേഴ്സ്യൽ ചിത്രങ്ങൾ കോർപ്പറേഷന്റെ തിയേറ്ററിലൂടെ റിലീസ് ചെയ്യുകയാണെങ്കിൽ അത്തരം ചിത്രങ്ങൾക്ക് 15 ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യം അനുവദിക്കുന്നതാണ്. ചലച്ചിത്ര അക്കാദമി മുൻകൈ എടുത്ത് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ കോർപ്പറേഷനുമായി സഹകരിച്ചു ചലച്ചിത്ര നിർമ്മാണത്തിനുള്ള ഒരു ധനസഹായ പദ്ധതിയും ഇൻഷുറൻസ് സ്കീമും ആരംഭിച്ചിട്ടുണ്ട്.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) സിനിമാ വ്യവസായത്തെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുവാനും ചലച്ചിത്ര അക്കാദമി കേരള സംസ്ഥാന ഇൻഡസ്ട്രിയൽ കോർപ്പറേഷനുമായി

സഹകരിച്ചു ചലച്ചിത്ര നിർമ്മാണത്തിനുള്ള ഒരു ധനസഹായ പദ്ധതിയും ഇൻഷുറൻസ് സ്കീമും ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ ക്ഷേമത്തിനായി മുതിർന്ന അവശത അനുഭവിക്കുന്ന കലാകാരൻമാർക്ക് പ്രതിമാസം 500 രൂപ പെൻഷനായി നൽകുന്നുണ്ട്. അർഹതപ്പെട്ടവർക്ക് 25,000 രൂപ വരെ ചികിത്സാ ധനസഹായവും നൽകുന്നുണ്ട്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

പട്ടയമേളകൾ

28 [5665] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് ആകെ എത്ര പട്ടയമേളകൾ നടത്തുകയുണ്ടായി;

(ബി) തിരുവനന്തപുരം ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര പട്ടയ മേളകൾ നടത്തുകയുണ്ടായി;

(സി) ഈ പട്ടയ മേളകൾ വഴി എത്ര പേർക്ക് നാളിതുവരെ എത്ര വസ്തുക്കൾക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ, ബി) തിരുവനന്തപുരം ജില്ലയിൽ 3 പട്ടയമേളകൾ നടത്തി. മറ്റ് ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ 212 പേർക്കായി 7.99.29 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകി. മറ്റ് ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

ഭൂമിക്ക് പൊന്നും വില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം

29 [5666] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പദ്ധതി ആവശ്യങ്ങൾക്കും മറ്റുമായി ഭൂമി പൊന്നുവിലയ്ക്ക് ഏറ്റെടുക്കുമ്പോൾ വില നിശ്ചയിക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

ഉത്തരം

സ്ഥലമെടുപ്പ് നിയമപ്രകാരമുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം സ്ഥലമെടുപ്പ് ഓഫീസർ ഏറ്റെടുക്കുന്ന ഭൂമിക്ക് 5 കിലോ മീറ്റർ ചുറ്റളവിൽ 4(1) വിജ്ഞാപനം പരസ്യപ്പെടുത്തിയ തീയതിക്ക് മുൻപ് 3 വർഷത്തിനുള്ളിൽ നടന്ന സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly